**Mobile Blood Donation Camp at Nishka Jewellery,**
**Karama Center, Dubai**
Participants: 106 | Units Collected: 55

• 7th August 2025 –
**Mobile Blood Donation Camp**
**at West Zone Hypermarket, Al Khail Gate, Dubai**
Participants: 95 | Units Collected: 58

These drives not only replenished Dubai's blood banks but also earned special recognition for AKCAF Association's continued efforts from Dubai Health and the Blood Donation Centre.

Every donor who came forward is truly a beacon of hope. By sparing just a few moments, they have given something priceless; the chance for another life to heal, recover, and thrive.

As we reflect on this year's achievements, we celebrate the commitment of our volunteers, the generosity of our donors, and the enduring support of our partners. Together, they represent the very essence of AKCAF's mission. Looking ahead, we remain dedicated to expanding our initiatives, strengthening the culture of blood donation, and ensuring that every patient in need finds a lifeline.
In every drop, there is hope; and together, we will continue to be that hope, today, tomorrow, and always.

*For AKCAF Blood Donation Club:*

**Faizal Karippol** (MES College, Ponnani), **Convenor**
**Nisha** (College of Engineeering, Trivandrum) **Joint convenor**
**Unnikrishnan** (Muslim Association College of Engg, Venjaramoodu, TVM), **Joint convenor**
**Rohith** (Vimal Jyothi Engineering College Kannur), **Joint convenor**











## ST. THOMAS COLLEGE (AUTONOMOUS), THRISSUR



തൃശ്ശൂർ നഗര ഹൃദയത്തിൽ "സത്യം നിങ്ങളെ സ്വതന്ത്രനാക്കും" എന്ന ആദർശ സൂക്തം ഉദ്ഘോഷിക്കുന്ന കലാലയം നൂറിലേറെ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. പഠിപ്പിച്ചവരും പഠിച്ചവരും ആയ മഹാരഥന്മാർ: ഐക്യ കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി സഖാവ് ഇ .എം .എസ്സ്, ആദ്യ വിദ്യാഭ്യാസ മന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരി മുതൽ തുടങ്ങുന്ന ചരിത്രം മുൻ മുഖ്യമന്ത്രി സി. അച്യുത മേനോൻ, ശ്രീ സി. എം സ്റ്റീഫൻ, ശ്രീ എൻ. കെ ശേഷൻ, ശ്രീ വി. എം സുധീരൻ എന്നിവരിലൂടെ എല്ലാം അനുസ്യൂതം തുടരുന്നു. 2002 വരെ ആൺകുട്ടികൾ മാത്രം ഉണ്ടായിരുന്ന കലാലയത്തിൽ ലിംഗനീതിയുടെ പുതു ചരിത്രം കുറിച്ച് 2002 - 2003 അധ്യയന വർഷം മുതൽ എല്ലാവർക്കും പ്രവേശനം അനുവദിച്ചു തുടങ്ങി.

കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കലാലയം 2014 ൽ സ്വയംഭരണാധികാരം ഉള്ള സ്ഥാപനമായി ഉയർത്തപ്പെടുകയും 2016ൽ യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മിഷനാൽ അംഗീകരിക്കപ്പെടുകയും ചെയ്തു. ആധുനികവത്കരണത്തിലും അതിന്റെ നിയോഗമായ പഠനത്തിലൂടെ സത്യത്തെ അറിഞ്ഞ് സ്വന്ത്രരായ വ്യക്തികളെ വാർത്തെടുക്കുന്ന യജ്ഞത്തിലും വ്യാപൃതമാണ് ഈ കലാലയം. യു. എ. ഇ ലെ പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ നിർലോപമായ പിന്തുണയോടെ കൂടെ നിൽക്കുന്നു.

### ALUMNI OFFICIALS



**Bijoy Cheerakuzhi**
President



**Lijesh Velukaran**
Secretary



**Abhilash K**
Treasurer



**Byju Joseph**
AKCAF Rep

## ST. THOMAS COLLEGE, RANNI




STAAR-UAE' (UAE chapter of St. Thomas College Alumni Association Ranni) was established on 14 June 1997 in Dubai and is one of the 5 founder members of AKCAF Association. The chapter celebrated its Silver Jubilee in 2022–23. Founded in 1964 and owned by the Syrian Knanaya Arch Diocese of Malankara, St. Thomas College, Ranni began as a junior college and became a first-grade college in 1968. With ISO 9001:2015 certification, the college offers 9 UG and 4 PG programmes, 10 certificate and diploma courses, and an Integrated MSc in Computer Science – AI & ML. It has a distinguished record in academics, co-curricular and extracurricular fields. The institution houses the Guinness World Record-winning 'world's largest taro leaf' and its Innovation and Entrepreneurship Centre, IDEAGORA, won the Top Performer Award in the Innovators Premier League 2022 by Kerala Startup Mission. In March 2016, the college was re-accredited (Cycle 2) by NAAC with a 'B' grade.

This institution has celebrated Diamond Jubilee in the year 2024-25 and on this occasion, College Alumni UAE Chapter has gifted a fully equipped Zoology Museum with rare specimens, benefiting both regular and research students.

### ALUMNI OFFICIALS



**Mathew Philip**
President



**Sam Surjith Chacko**
Secretary



**Abraham Thomas**
Treasurer



**Lenju Joseph**
AKCAF Rep

# THEJUS ENGINEERING COLLEGE, THRISSUR



Thejus engineering college was founded in 2009 by cheruvathoor foundation affiliated to APJ Abdul Kalam Technological University, approved by All India Council for Technical Education (AICTE) and Govt. of Kerala. In the starting stage, the college had all the basic Btech courses and later, Mtech courses were added. F

ollowing a holistic approach to education, and focusing on the vision of the founders, thejus engineering college continues to be one of the best private engineering colleges in Thrissur.

Thejus Engineering College Alumni, UAE (TECAU) was established in 2022 and is an enthusiastic partner of AKCAF Association. TECAU has over 210 members and is very active in UAE with their socio-cultural & sports events.

## ALUMNI OFFICIALS



**Rohit Ramkumar**
President



**Nazil**
Secretary



**Imad**
Treasurer



**Gokul**
AKCAF Rep

# THIAGARAJAR POLYTECHNIC COLLEGE, ALAGAPPANAGAR (TPTCA)



തൃശൂർ ജില്ലയിലെ ആമ്പല്ലൂരിനടുത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ആശീർവാദത്തിൽ ഭാരത ത്തിലെ പ്രൈവറ്റ് സെക്റ്ററിലെ ആദ്യത്തെ പോളിടെക്നിക്കായി, 1956-ൽ ഡോ. ആർ എം അളഗപ്പചെട്ടിയാർ സ്ഥാപിച്ച അളഗപ്പനഗർ പോളിടെക്നിക് പിന്നീട് ത്യാഗരാജാർ പോളിടെക്നിക് കോളേജ് അളഗപ്പനഗർ എന്ന പേരിലേക്കു നാമകരണം ചെയ്യപ്പെട്ടു.

പല പ്രതിഭകളെയും വാർത്തെടുത്ത ഈ പോളിയിൽ, 1968 ലാണ് ആദ്യത്തെ പൂർവ്വ വിദ്യാർത്ഥി സംഘടനയായി ഓൾഡ് ബോയ്സ് അസോസിയേഷൻ നിലവിൽ വന്നത്. കാലാനുസൃതമായി, കെട്ടിലും മട്ടിലും പേരിലും കോളേജിന് മാറ്റം സംഭവിച്ചതുപോലെ രൂപഭാവങ്ങളിലും നാമത്തിലുമുള്ള മാറ്റങ്ങൾ ക്ക് സംഘടനയും വിധേയപ്പെട്ടു. ഇപ്പോൾ അത് അലുമിനി അസോസിയേഷൻ ഓഫ് ത്യാഗരാജാർ പോളിടെക്നിക് അളഗപ്പനഗർ എന്നായി മാറി. 2002 ൽ ആണ് കോളജ് അലുമിനി അസോസിയേഷന്റെ ആദ്യത്തെ യു.എ.ഇ ചാപ്റ്റർ ആരംഭിക്കുന്ന ത്. കോളേജിന്റെ ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ പോലും അതിൽ അന്ന് മെംബേഴ്സ് ആയിരുന്നു. തുടർച്ചയായി പത്തു വർഷത്തോളം അക്കാഫിന്റെ കീഴിൽ അണിനിരന്നു കൊണ്ട് പ്രവർത്തിച്ചു പോന്നു. പിന്നീട് അസോസിയേഷന്റെ പ്രഭയൊന്ന് മങ്ങി എങ്കിലും 2024-ൽ പൂർവ്വാധികം ശക്തിയോ ടെ വീണ്ടും 300-ൽ പരം മെമ്പേഴ്സുമായി തിരിച്ചെത്തിയിരിക്കുന്നു. ഇനി ഞങ്ങളും ഉണ്ടാകും മിന്നും താരങ്ങളായി അക്കാഫിനോടൊപ്പം എന്നെന്നും.!

## ALUMNI OFFICIALS



**Sudish Sany**
President



**Binoy Kochupylan**
Secretary



**Siljohn Yohannan**
Treasurer



**Ciril Paul Kongoth**
AKCAF Rep

## T.K. MADHAVA MEMORIAL COLLEGE, NANGYARKULANGARA




TKMM College was established in 1964, in fond and graceful memory of the great freedom fighter and social reformer, Late: Sri. TK Madhavan. The College is situated in Nangiarkulangara in Alappuzha district. From the very humble beginning as a Junior College with 500 students, the Institution has been upgraded to a Degree College in 1979.

The college is affiliated to the University of Kerala and offers different courses in arts, commerce, and science. This institution has produced many brilliant academicians, administrators, politicians, artists, writers, and sports prodigies. TKMM College Alumni, UAE chapter was formed in 2009 and part of AKCAF Association from 2010. With over 100 members, the group is very active among the alumni and families in the UAE with their Social, Cultural & Philanthropic activities. Website: www.tkmmc.ac.in

### ALUMNI OFFICIALS



**Harikrishnan**
President



**Sanil**
Secretary



**Boby**
Treasurer



**Sindhu**
AKCAF Rep

## TKM ARTS & SCIENCE COLLEGE, KOLLAM (TKMCAS)




പ്രമുഖ വ്യവസായിയായിരുന്ന ജനാബ് തങ്ങൾ കുഞ്ഞു മുസലിയാർ 1965 ജൂൺ 24-നാണ് കൊല്ലം TKM College of Arts & Science സ്ഥാപിച്ചത്. NAAC ഗ്രേഡ്, A++ നേടിയ TKM College കേരളത്തിലെ തന്നെ അറിയപ്പെടുന്ന കോളേജുകളിൽ ഒന്നാണ്.

2016 ഫെബ്രുവരിയിൽ രൂപം കൊണ്ട, പൂർവ്വവിദ്യാർത്ഥി സംഘടനയായ TKMCAS ഗ്ലോബൽ അലുംനി UAE, 300ൽ പരം അംഗങ്ങളുമായി അക്കാഫുമായും മറ്റനേകം സംഘടനകളു മായും സഹകരിച്ചു കൊണ്ട് യു.എ.ഇയിലും കേരളത്തിലുമാ യി നിരവധി സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ പ്രവർ ത്തനങ്ങൾ നടത്തി വരുന്നു. പ്രളയകാലത്തും കോവിഡ് മഹാമാരിയുടെ കാലത്തും നൽകിയ സഹായങ്ങൾ, നിർധനരായ രോഗികൾക്കുള്ള സാന്ത്വനം പദ്ധതി, വിദ്യാർത്ഥികൾക്കുള്ള സ് കോളർഷിപ്പുകൾ എന്നിവ അവയിൽ ചിലത് മാത്രം. കൂടാതെ, എല്ലാ വർഷങ്ങളിലും ഓണം, ഈദ്, ക്രിസ്തുമസ്സ് തുടങ്ങിയ ആഘോഷങ്ങളും കലാകായിക പരിപാടികളും യു.എ.ഇയിൽ സംഘടിപ്പിക്കാറുണ്ട്.

### ALUMNI OFFICIALS



**Baiju Ellias**
President



**Naseeb Abdul Rahim**
Secretary



**Nishad Nowsher**
Treasurer



**Mohammed Shahi**
AKCAF Rep

# TKM COLLEGE OF ENGINEERING, KOLLAM (TKMCE)




A beacon of excellence for over six decades, TKM College of Engineering is nestled in the cashew capital of Kerala – the vibrant city of Kollam. Established under the visionary leadership of Janab Shahal Hassan Musaliar and managed by the TKM College Trust, the foundation stone of this prestigious institution was laid in 1956 by Dr. Rajendra Prasad, the first President of Independent India. The college was officially inaugurated on 3rd July 1958 by Prof. Humayun Kabir, then Union Minister for Scientific and Cultural Affairs, Government of India.

TKMCE offers a comprehensive array of academic programs, including eight undergraduate courses in engineering and architecture, along with ten postgraduate programs across various engineering disciplines and an MCA program. It remains a centre of academic distinction and innovation. With NBA-accredited UG and PG programs and NAAC 'A' grade accreditation, TKM was conferred autonomous status by the UGC on 26 May 2022.The TKMCE Alumni UAE Chapter, established in 1987, has carried forward the rich legacy of the institution beyond borders. Since its inception, the chapter has played a dynamic role in promoting alumni engagement through impactful cultural, social, sports, arts, community development, and humanitarian initiatives. As a founding member of ACKAF, TKM Alumni UAE continues to be an active and proud contributor to its diverse programs and causes.
Website: www.tkmce.ac.in

## ALUMNI OFFICIALS



**Haris Aboobaker**
President



**Savad Salahudeen**
Secretary



**Khalid Arafath**
Treasurer

# TKM INSTITUTE OF MANAGEMENT, KOLLAM (TIM)



കേരളം കണ്ട ഏറ്റവും വലിയ വിദ്യാഭ്യാസ ദർശകനായ ജനാബ് തങ്ങൾ കുഞ്ഞു മുസലിയാർ 1956 ൽ സ്ഥാപിച്ച ടി.കെ.എം. കോളേജ് ട്രസ്റ്റിന്റെ കീഴിൽ 1995 ൽ സ്ഥാപിതമായ മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ട് ആണ് ടി കെ എം ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് (TIM). കൊല്ലം എഴുകോണിൽ പ്രകൃതിയാൽ അനുഗൃഹീതമായ അതിമനോഹരമായ മുസലിയാർ ഹിൽസിലാണ് TIM സ്ഥിതി ചെയ്യുന്നത്. ഇവിടെ, കേരള യൂണിവേഴ്സിറ്റി, NBA, AICTE എന്നിവർ അംഗീകരിച്ച രണ്ടു വർഷ MBA പ്രോഗ്രാമാണ് നൽകി വരുന്നത്. തൊഴിലധിഷ്ഠിതവും റിസേർച് അധിഷ്ഠിതവുമായ മാനേജ്മെന്റ് വിദ്യാഭ്യാസത്തിനു പേര് കേട്ട TIM നു ഇന്ന് ലോകത്തെമ്പാടുമായി ഫോർച്യൂൺ 500 കമ്പനികളിലും, വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകളിലും, അതുപോലെ തന്നെ പ്രഗത്ഭരായ സ്വയം സംരംഭകരും അടങ്ങുന്ന മൂവായിരത്തിലധികം പൂർവ്വ വിദ്യാർത്ഥികളാണുള്ളത്.

യു.എ.ഇ ൽ ഉള്ള പൂർവ്വവിദ്യാർത്ഥികളെ സംഘടിപ്പിച്ചു കൊണ്ട് 2023 ഡിസംബറിൽ ആണ് TIM യു.എ.ഇ അലുംനി അസോസിയേഷൻ പ്രവർത്തനം ആരംഭിച്ചത്. അംഗങ്ങളുടെ സോഷ്യൽ, പ്രൊഫഷണൽ മേഖലകളിൽ പിന്തുണ നൽകുക, സാമൂഹിക പ്രവർത്തനങ്ങ ളിൽ പങ്കാളിത്തം ഉറപ്പു വരുത്തുക, കോളേജിലെ പുതിയ വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകർക്കും മാർഗ്ഗനിർദ്ദേശവും മെന്ററിങ് സപ്പോർട്ടും നൽകുക, അതോടൊപ്പം ഒരൊറ്റ കുടുംബമായി ചേർന്ന് നിന്ന് ഒന്നിച്ചു വളരുക എന്ന ലക്ഷ്യത്തിൽ ആണ് TIM UAE അലുംനി അസോസിയേഷൻ രൂപീകരിച്ചിട്ടുള്ളത്.

## ALUMNI OFFICIALS



**Razim S**
President



**Nihadmon O K**
Secretary



**Arun Sudhakaran**
Treasurer



**G S Sreekiran**
AKCAF Rep

## TKM INSTITUTE OF TECHNOLOGY (TKMIT), KARUVELIL, KOLLAM



T.K.M. Institute of Technology (TKMIT) was established in 2002 by the T.K.M. College Trust, a renowned name in education. The campus is located at Musaliar Hills, Karuvelil, Kollam.

Initially affiliated to Cochin University of Science and Technology (CUSAT), the institute later came under APJ Abdul Kalam Technological University (KTU) following the Kerala Government's restructuring of technical education. TKMIT is approved by AICTE.

The TKMIT Alumni UAE Chapter was officially formed on 1st December 2023 at Holiday International Hotel, Sharjah. The event was inaugurated by Sri Shahal Hassan Musliar, President of the T.K.M. College Trust.

This vibrant alumni network came to life with the support and guidance of Mr. Farook Thaha and Dr. Haroon Mohammed.

### ALUMNI OFFICIALS



**Praveen Pillai**
President



**Ramasubbiah Shekar**
Secretary



**Sonu K Shaji**
Treasurer



**Tony Kunjappan**
AKCAF Rep

## UNIVERSITY COLLEGE, THIRUVANANTHAPURAM



University College, Thiruvananthapuram – A Legacy of Excellence

Established in 1866, University College, Thiruvananthapuram stands as a beacon of higher education and intellectual legacy in Kerala. One of the oldest institutions in India, it has played a vital role in shaping the academic, social, and political fabric of the state. Affiliated to the University of Kerala, the college has been a nurturing ground for countless scholars, visionaries, and leaders who have made significant contributions across various fields.

As alumni, we feel immense pride in being part of this legacy. The institution instilled in us not only academic rigor but also a deep-rooted sense of discipline, civic responsibility, and cultural appreciation. The memories of vibrant discussions under shaded courtyards and the inspiration drawn from its historic halls remain etched in our heart. University College is not just an alma mater—it is a lifelong identity.

### ALUMNI OFFICIALS



**Shaju Pillai**
President



**Shaju Surendran**
Secretary



**Hashim Kunju**
Treasurer



**Chandra Pratap**
AKCAF Rep

# VIMAL JYOTHI ENGINEERING COLLEGE, KANNUR




Vimal Jyothi Engineering College (VJEC) is a private engineering college located in Chemperi area of Kerala's Kannur District. The institution was founded in 2002. The college is affiliated with the prestigious APJ Abdul Kalam Technological University, Trivandrum, and has received accreditation from the All-India Council for Technical Education. In 2017, the VJEC Alumni UAE Chapter was established because of the bright concept of Mr. Rahees R, who wanted to bring his old classmates back together. The UAE Chapter of VJEC Alumni developed a formal and vibrant identity under the leadership of Mr. Jince Mathew as President, Mr. Lijesh as Treasurer, and Mr. Jerin James as Secretary. The UAE Chapter has established its credibility throughout time by successfully planning numerous events in 2018, 2019, and 2022. Notably, the yearly event "Milan" has developed into a favorite one. It is scheduled to take place every final Sunday in November and promotes alumni solidarity, networking opportunities, and the development of the VJEC community in the UAE. By holding a private hiking outing for female members and a joint Iftar celebration for all members in 2023, the chapter broadened its horizons even further. With 335 devoted members, the chapter currently thrives under the experienced leadership of Mr. Jince Mathew as president, Mr. Vinod KA as treasurer, and Mrs. Majna Maryam as secretary.

## ALUMNI OFFICIALS



**Jince Mathew**
President



**Majna Maryam**
Secretary



**Vinod K A**
Treasurer



**Murshid Musthafa A T**
AKCAF Rep

# ZAMORIN'S GURUVAYURAPPAN COLLEGE, KOZHIKODE (ZGCA)



The Zamorin's Guruvayurappan College, Kozhikode (ZGC) has a glorious history that spans over a century. Established in the year 1877 as Kerala Vidyasala by the erstwhile ruler of the Zamorin dynasty, HH Manavikraman Maharaja Bahadur, ZGC is one of the oldest higher educational institutions in Kerala. In 1955, the College was shifted to the present campus located at a scenic hilltop called Pokkunnu, 8 km away from the city of Calicut. The campus spans over an area of 92 acres.

The College offers UG, PG and Doctoral programmes in Science, Arts and Commerce streams and is affiliated to the University of Calicut. Over the past few decades, the UAE Chapter of the Zamorin's Guruvayurappan College Alumni Association has demonstrated its active presence in the Indian expatriate community. Being one of the vibrant member colleges of the AKCAF, ZGCians have always been in the forefront of the events organised by AKCAF Association.

## ALUMNI OFFICIALS



**Sumitha Verghese**
President



**Praseeja Peter**
Secretary



**Risilly Yaseen**
Treasurer



**Sankar**
AKCAF Rep

DESTIVO
TRAVEL & TOURISM

www.destivo.ae

## TRANSPORTAION

- Staff Transportation (Hotels, Corporates, Industries)
- School Bus Services
- Event & Group Transportation
- Corporate Shuttle Services

## TOURS

- Inbound Tours (City Tours, Desert Safari, Cultural Experiences)
- Outbound Tours
- Corporate & Group Packages
- Family & Honeymoon Packages

## TRAVELS

- Air Ticketing (Domestic & International)
- Hotel Bookings & Reservations
- Visa Assistance & Travel Insurance
- Customized Holiday Packages

## LIMOUSINE

- Chauffeur-driven Luxury Cars
- Airport Transfers & Meet & Greet Services
- VIP & Event Chauffeur Services
- Long-term & Corporate Leasing

# Book Your Reservation

+971 45 858 925 +971 56 455 4020 info@destivo.ae

ADCB Metro Exit-1, Al Karama Dubai-UAE




AKCAF HEALTH & FITNESS CLUB













The AKCAF Association proudly marked its presence at the Dubai Run 2024, with around 100 members joining the region's biggest fitness celebration. It was held on 24th November 2024 and the participation was led by the AKCAF Health & Fitness Club, reflecting the club's commitment to health, wellness, and community spirit.

The event turned into a memorable experience as AKCAF Association members, representing various colleges, ran together along Dubai's prestigious Sheikh Zayed Road, showcasing unity, energy, and enthusiasm. Their presence not only highlighted the association's growing focus on fitness initiatives but also strengthened the companionship among alumni.

By taking part in Dubai Run 2024, AKCAF Association and ACKAF Health & Fitness Club reaffirmed its dedication to encouraging healthy lifestyles, promoting collective well-being, and inspiring its community to embrace fitness as a way of life.

*For ACKAF Health & Fitness Club*

**Blesson Daniel (Convenor)**
(Devaswom Board College, Sasthamcottah),

***Joint Convenors***
**Byju Joseph**
(St. Thomas College (Autonomous), Thrissur),

**Velayudhan Shanku**
(Govinda Pai Memorial GOVT College, Manjeswar),

**Naveed Anjum**
(Cochin University College of Engg. Kuttanadu),



# بحر
# BAHAR


BAHAR
Automatic
WINNER
MOST TRUSTED
BRAND AWARD
GUARANTEED
BRIGHTNESS
For Front & Top
Loading Machines
Specially Formulated For Arabian Water Condition
BAHAR
Premium
BAHAR
Advanced Matic Gel
500ml
BAHAR
CONCENTRATED
FABRIC CONDITIONER
3X
30+
WASHES
MYSTIC
BLOOM
Fa'ah
Bahar Clean
Household Disinfectant
Cleans • Protects • Disinfects
Bakhour
الحبابة
FABRIC SHAMPOO
Spark
POWER
Formula
BAHAR







ഇന്ത്യയുടെ 79-ാമത് സ്വാതന്ത്ര്യദിനം അക്കാഫ് അസോസിയേഷൻ സമുചിതമായി ആഘോഷിച്ചു. അസോസിയേഷൻ ഹാളിൽ രാവിലെ 6.00 മണിക്ക് ആരംഭിച്ച ചടങ്ങിൽ പ്രസിഡൻറ് പോൾ ടി. ജോസഫ് ത്രിവർണ്ണപതാക ഉയർത്തി സ്വാതന്ത്ര്യദിനസന്ദേശം നൽകി. ജനറൽ സെക്രട്ടറി ഷൈൻ ചന്ദ്രസേനൻ സ്വാഗതം ആശംസിച്ചു.



സ്വാതന്ത്ര്യത്തിനു വേണ്ടി ജീവനും ജീവിതവും ഹോമിച്ച ഒട്ടനവധി മഹാന്മാരുടേയും രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് വേണ്ടി രക്തസാക്ഷിത്വം വരിച്ച ധീര യോദ്ധാക്കളുടേയും സ്മരണകൾ നിറഞ്ഞു നിന്ന ചടങ്ങിൽ ഫ്ളവേഴ്സ് ടിവി മിഡിൽ ഈസ്റ്റ് ഡയറക്ടർ ജോസഫ് ഫ്രാൻസിസ്, അക്കാഫ് അസോസിയേഷൻ ട്രഷറർ രാജേഷ് പിള്ള, മുൻ പ്രസിഡന്റുമാരായ മച്ചിങ്ങൽ രാധാകൃഷ്ണൻ, സാനു മാത്യു, മുഹമ്മദ് റഫീഖ്, സീനിയർ മെമ്പർ സഞ്ജു പിള്ള എന്നിവർ സംസാരിച്ചു. ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗം സുനിൽ കുമാർ നന്ദിപ്രസംഗം നടത്തി. അക്കാഫ് അസോസിയേഷനിലെ വിവിധ കലാലയങ്ങളിൽ നിന്നുള്ള ഒട്ടേറെ പേർ ചടങ്ങിൽ പങ്കെടുത്ത് പരസ്പരം ആശംസകൾ കൈമാറി.












AKCAF ASSOCIATION

AKCAF MUSIC CLUB




**അക്കാഫ് മ്യൂസിക് ക്ലബ്ബ് വാലന്റൈൻ ദിനത്തോടനുബന്ധിച്ച് 2025 ഫെബ്രുവരി 14-ന് അക്കാഫ് അസോസിയേഷൻ ഹാളിൽ സംഘടിപ്പിച്ച സംഗീതരാവ് സംഗീതപ്രേമികൾക്ക് ഒരു മനോഹരാനുഭവമായി.**



പ്രശസ്ത ഗായകരും അക്കാഫ് അസോസിയേഷനിലെ വിവിധ കോളജ് അലുംനികളിലെ കലാകാരന്മാരും പങ്കെടുത്ത **മാജിക്കൽ നൈറ്റ്** എന്ന് പേരിട്ട സംഗീത രാവ് മികച്ച പങ്കാളിത്തവും ആവേശവും കൊണ്ട് ശ്രദ്ധേയമായി



# Magical Night



















ഗായകർ പാടിയ അതിമനോഹരമായ ഗാനങ്ങൾ പ്രേക്ഷകർ ആവേശത്തോടെ ആസ്വദിച്ചു. വിവിധ ഭാഷകളിലെ പഴയകാല ഹിറ്റ് ഗാനങ്ങളിൽ നിന്ന് തുടക്കംകുറിച്ച സംഗീതസന്ധ്യ എൺപതുകളിലേയും തൊണ്ണൂറുകളിലേയും മെലഡികളിലൂടെ കടന്ന് പുതിയ കാലത്തെ പ്രണയഗാനങ്ങളിലെത്തിയപ്പോൾ പണ്ടെങ്ങോ ആ ക്യാമ്പസുകളിൽ മറന്നുവെച്ച പ്രണയരാഗങ്ങൾ അവിടെ കൂടിയിരുന്ന ശ്രോതാക്കളുടെ ചുണ്ടിൽ തിരിച്ചെത്തുകയായിരുന്നു. അതിന് തെളിവായി പല ശ്രോതാക്കളും ഗായകരായി മാറുന്ന കാഴ്ചക്കും മാജിക്കൽ നൈറ്റ് സാക്ഷ്യം വഹിച്ചു. മികച്ച പശ്ചാത്തല സംഗീതവുമായി അക്കാഫ് അസോസിയേഷൻ അംഗങ്ങളായ സൂരജ് (തബല), മെൽവിൻ ബോസ്സ് (ഗിറ്റാർ), ബിച്ചു (കീ ബോർഡ്), മനോജ് ആഭേരി, ജിത്തു (പെർക്യൂഷൻ പാഡ്) എന്നിവർ അകമ്പടി നൽകി.

അക്കാഫ് അസോസിയേഷൻ പ്രസിഡന്റ് പോൾ ടി. ജോസഫ്, ജനറൽ സെക്രട്ടറി ദീപു എ. എസ്, ഡയറക്ടർ ബോർഡ് മെമ്പർമാരായ ഷൈൻ ചന്ദ്രസേനൻ, മച്ചിങ്ങൽ രാധാകൃഷ്ണൻ, മ്യൂസിക് ക്ലബ്ബ് കൺവീനർ, കോർഡിനേറ്റർമാർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

മനോഹരമായ ഗാനങ്ങൾ, പ്രത്യേകിച്ച് പ്രണയഗാനങ്ങൾ ആസ്വദിക്കുന്നതിൽ കാലവും തലമുറകളും ഒരു തടസ്സമല്ല എന്ന് തെളിയിക്കുന്നതായിരുന്നു അവിടെ കൂടിയിരുന്ന വിവിധ കലാലയങ്ങളിൽ നിന്ന് വന്ന പല ബാച്ചുകളിൽ നിന്നുള്ള കാണികൾ!!

അക്കാഫ് മ്യൂസിക് ക്ലബ്ബിന് വേണ്ടി...

**ഡോ: ജെറോ വർഗീസ്**
(സെൻറ് ഗ്രിഗോറിയോസ് കോളേജ്, കൊട്ടാരക്കര), കൺവീനർ

**ജിതിൻ അരവിന്ദാക്ഷൻ**
(ശ്രീ നാരായണ കോളേജ്, വർക്കല), ജോയിന്റ് കൺവീനർ

**ബിജോ കളീക്കൽ**
(സെൻറ് തോമസ് കോളേജ്, റാന്നി), ജോയിന്റ് കൺവീനർ

**ജയശ്രീ പ്രസന്നൻ**
(ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം), ജോയിന്റ് കൺവീനർ






# Hawkseye Properties LLC

***Our Acitivites***

Investment Consulting
Property Buying and Selling
Property Leasing and Rental
Property Management

CONTACT US

Mob: +971 55 861 0851
Email - info@hawkseyeproperties.ae

**We are officially registered with**

EMAAR
DUBAI HOLDING
SAMANA DEVELOPERS
دبي الجنوب DUBAI SOUTH
NSHAMA
نخيل NAKHEEL
MERAKI DEVELOPERS
ARADA
MERAAS



സജീവ് എടത്താടൻ അലിയാസ് വിശാലമനസ്കൻ ബ്ലോഗർ, കഥാകൃത്ത്, പ്രസാധകൻ. തൃശൂർ ജില്ലയിലെ കൊടകരയിൽ എടത്താടൻ രാമന്റെയും മുണ്ടക്കൽ മൂകാംബികയുടേയും മകനായി ജനനം. കൊടകരപുരാണം എന്ന ഒറ്റ കൃതി കൊണ്ട് ബ്ലോഗർമാർക്കിടയിലും പുസ്തകപ്രേമികൾക്കിടയിലും പ്രശസ്തൻ. തൃശൂർ ഭാഷയുടെ സൗന്ദര്യം കൃത്യമായി സന്നിവേശിപ്പിച്ച് ചിരിയുടേയും ചിന്തകളുടേയും ലോകം തീർക്കുന്ന എഴുത്ത്. മൈക്രോസോഫ്റ്റിന്റെ കീഴിലുള്ള ഭാഷാ ഇൻസ്റ്റിട്യൂട്ട് ഏർപ്പെടുത്തിയ 2006 ലെ മികച്ച മലയാളം ബ്ലോഗർക്കുള്ള അവാർഡ് നേടിയിട്ടുണ്ട്. ദി സമ്പൂർണ്ണ കൊടകരപുരാണം, ദുബായ് ഡെയ്സ്, ഹൃദയപുരാണം, ദി വിശാലമനസ്കൻ സ്റ്റോറീസ് എന്നിവയാണ് പ്രധാന കൃതികൾ.

**സജീവ് എടത്താടൻ**

# അതെന്താ?



കൊളങ്ങര പൈലേട്ടന്റെ മോൾ മേഴ്സിക്കുട്ടി അമേരിക്കയിലാണ്. മരുമോനും കൊച്ചുമക്കളും എല്ലാവരും അവിടെ തന്നെ.

ആണ്ടോടാണ്ട് കൂടുമ്പോൾ മേഴ്സിക്കുട്ടി & അസോസിയേറ്റ്സ് വെക്കേഷന് വരും. ഒരുമാസം. മേഴ്സിയുടെ ചെറുതിന് പ്രായം നാലേ ഉള്ളൂവെങ്കിലും മൊതൽ, മൂത്തവനേക്കാളും എന്തിന് സ്വന്തം അപ്പനേക്കാളും ജഗജില്ലിയാണ്. എന്തുകേട്ടാലും എന്തുകണ്ടാലും സംശയമാണ്. 24 മണിക്കൂറ് സംശയം. കിടക്കപ്പായയിൽ നിന്നും രാവിലെ എണീറ്റ് വരുന്നത് തന്നെ സംശയവുമായാണ്.

ആദ്യമാദ്യം പൈലേട്ടൻ വൻ എൻകറേജ്മെന്റായിരുന്നു.

"ഹായ്... മിടുക്കൻ. മിടുമിടുക്കൻ.. ഗുഡ് ക്വസ്റ്റ്യൻ... അമേസിങ്ങ്... ബ്രൈറ്റ് ബോയ്" എന്നൊക്കെ പറഞ്ഞുവെങ്കിലും, പിന്നെ പിന്നെ... ബ്ലാക്ക് മോളി പ്രസവിക്കും പോലെ, ഡും ഡും ന്ന് ഒന്നിനുപിറകേ ഒന്നായി വരുന്ന ചോദ്യശരങ്ങൾക്ക് ഉത്തരം പറഞ്ഞ് പറഞ്ഞ് ഒരു വഴിക്കായപ്പോൾ ആ അഭിപ്രായത്തിന് ഡിപ്രീസിയേഷൻ വന്നുകൊണ്ടിരുന്നു.

പതിയെ പതിയെ... പൈലേട്ടൻ കൊച്ചിനെ കാണുമ്പോൾ അവിടന്ന് എത്രയും പെട്ടെന്ന് സ്കൂട്ടായി പാടത്തേക്കോ ടൗണിലേക്കോ പോയും തുടങ്ങിയത്രേ.

ഒരു ദിവസം, രാവിലെ പൈലേട്ടൻ കൈക്കോട്ടിന് മുളയുടെ പൂൾ വക്കുമ്പോൾ കൊച്ച് വന്ന് ചോദിച്ചു.

"അപ്പാപ്പാ... ഇതെന്താ?"

പൈലേട്ടൻ ഫുൾ ഗൗരവത്തിൽ പറഞ്ഞു.
"കൈക്കോട്ട്!"

അത് പറഞ്ഞ് പൈലേട്ടന്റെ നാവ് പഴയ പൊസിഷനിലേക്ക് പോകും മുൻപ് അടുത്ത ചോദ്യം വന്നു.

"ഇതെന്തിനാ?"

പൈലേട്ടന്റെ കുരു ചെറുങ്ങനെ ഒന്ന് പൊട്ടി. എന്നാലും ആൾ സംയമനം പാലിച്ചുകൊണ്ട് പറഞ്ഞു.

"പറമ്പ് കിളക്കാൻ"

അപ്പോൾ അടുത്ത ചോദ്യം.

"അതെന്തിനാ?"

ഇത് ഇവിടം കൊണ്ടൊന്നും തീരില്ലാന്ന് മനസ്സിലായ പൈലേട്ടൻ, ഇരുന്നിടത്തുനിന്നും ചാടിയെണീറ്റ് പറഞ്ഞു:

"ഒരു വല്യ കുഴി കുത്തി എന്നേം നിന്റെ അമ്മാമ്മത്തള്ളേനേം അതിലിട്ട് മൂടാൻ!!!!!!!!!"

"അതെന്തിനാ?"

അത് കേട്ടതും സകല കണ്ട്റോളും പോയ പൈലേട്ടൻ, കണ്ണുകൾ തുറിച്ച് നാക്ക് പുറത്തിട്ട് ഒരു അക്രോശമായിരുന്നു പിന്നെ...

"അവിടെക്കിടന്ന് പണ്ടാറങ്ങാൻ! എന്റെ കൺവെട്ടത്ത് നിന്ന് പൊയ്ക്കോ ക്ടാവേ... കൈക്കോട്ടും തായയാ എന്റെ കയ്യിൽ!! പാമ്പുകടിക്കാനായിട്ട്.... മനുഷ്യന് തലക്ക് ഒരു ത്വയിരം കിട്ടിയിട്ട് ആഴ്ച രണ്ടായി... ഇങ്ങിനെം ഓരോ മാരണം ഉണ്ടോ??! "

AKCAF ASSOCIATION
CDA Licence No.126

# AKCAF IT, MEDIA AND SOCIAL MEDIA TEAM -

*AKCAF Association Speaks to the World*

## AKCAF ASSOCIATION WEBSITE, APP ADMINISTRATOR

www.akcaf.org
App Store
Google Play
AKCAF App



**RAJEESH MAJEED**
COCHIN UNIVERSITY OF SCIENCE AND TECHNOLOGY, KOCHI

## AKCAF ASSOCIATION MEDIA COMMITTEE

**CONVENOR**
**A.V CHANDRAN**
NEHRU ARTS AND SCIENCE COLLEGE, KANHANGAD (NASCA)





**COORDINATOR**
**SAMEER TIRUR**
MES COLLEGE, PONNANI (MESPA)

## AKCAF ASSOCIATION TEAM SOCIAL MEDIA >>

**CONVENOR**
**SAMEER BABU**
GOVT ENGINEERING COLLEGE, IDUKKI (GECI)



**COORDINATOR**



**Bindu James**
MES KALLADI COLLEGE, MANNARKKAD (KALLADIANZ- UAE)

**COORDINATOR**



**Faizal Karippol**
MES COLLEGE, PONNANI (MESPA)

**COORDINATOR**



**Sam K Babu**
ST. GRIGORIOS COLLEGE, KOTTARAKKARA (SGC)







# A NEW DIGITAL CHAPTER: AKCAF CONNECTS THROUGH MOBILE APP



In the AKCAF General Body Meeting held on 20th February 2025 at AKCAF Office, The AKCAF App was officially launched by **CDA Senior Executive, Mr. Ahmed Al Zaabi,** in the presence of AKCAF Association officials

On the same occasion, Mr. Al Zaabi also explained the process of registering for volunteering through the CDA App and encouraged members to register so that their volunteering hours can be officially recorded.

▼ AKCAF App features presented by Mr. Suresh K from Skybertech.



AKCAF App is Now available on both iOS and Play Store. The app marks a new step in digital engagement for the association.

**www.akcaf.org**

Download on the App Store

GET IT ON Google Play

**AKCAF** App










AKCAF LITERARY CLUB

# വാക്ക് പൂക്കും കാലം 3

അക്ഷരങ്ങൾ പൂക്കളായി വിരിയുന്നത് പോലെ, വായനയുടെ വസന്തം വീണ്ടും മടങ്ങിയെത്തുകയായിരുന്നു 2025 ഫെബ്രുവരി 09ന് അക്കാഫ് ലിറ്ററി ക്ലബ്ബ് സംഘടിപ്പിച്ച വാക്കു പൂക്കും കാലം 3 എന്ന പരിപാടിയിലൂടെ.. അന്തരിച്ച പ്രശസ്ത സാഹിത്യകാരനും ജ്ഞാനപീഠജേതാവുമായ ശ്രീ. എം.ടി വാസുദേവൻ നായരുടെ ബഹുമാനാർത്ഥം എം. ടി. നഗർ എന്ന് നാമകരണം ചെയ്യപ്പെട്ട അസ്സോസിയേഷൻ ഹാളിലെ വേദിയിൽ നടത്തപ്പെട്ട പരിപാടിയിൽ പ്രശസ്ത എഴുത്തുകാരനായ സജീവ് എടത്താടൻ മുഖ്യാതിഥിയായിരുന്നു.

ലളിതവും രസകരവുമായ എഴുത്തുകളിലൂടെ ഒരുപാട് വായനവൃന്ദത്തെ സൃഷ്ടിച്ചിട്ടുള്ള അദ്ദേഹം തന്റെ സാഹിത്യാനുഭവങ്ങൾ പങ്കുവെക്കുകയും സദസ്സിലുണ്ടായിരുന്നവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

അക്കാഫ് അസോസിയേഷൻ ഡയറക്ടർ ബോർഡ് അംഗവും പ്രശസ്ത അവതാരകനുമായ മച്ചിങ്ങൽ രാധാകൃഷ്ണൻ എം. ടി. വാസുദേവൻ നായർ അനുസ്മരണ പ്രഭാഷണം നടത്തി. പ്രവാസികൾക്ക് ഏറെ പ്രിയപ്പെട്ട എം. ടി.യുടെ ഓർമ്മകൾക്ക് മുൻപിൽ അക്കാഫ് അസോസിയേഷൻ തങ്ങളുടെ അർച്ചന നടത്തി.











പ്രസാധകലോകത്ത് ചരിത്രം സൃഷ്ടിച്ച അക്കാഫ് അസോസിയേഷൻ ലിറ്ററി ക്ലബ്ബിന്റെയും ഹരിതം ബുക്സിന്റെയും സംയുക്ത സംരംഭമായ 'അക്കാഫ് എന്റെ കലാലയം' സീരീസിൻറെ രണ്ടാം പതിപ്പിൽ കലാലയ ഓർമ്മകളുമായി പ്രകാശിതമായ

**സ്മൃതിലയം (ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ),**
**എന്റെ കായൽ കലാലയം (ഡി ബി കോളേജ്, ശാസ്താംകോട്ട),**
**സ്മാർത്ത (ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഫിസാറ്റ്),**
**മഞ്ഞുതുള്ളികൾ (ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി),**
**ഗുൽമോഹർ പൂത്ത കാലം (കെ കെ ടി എം ഗവണ്മെന്റ് കോളേജ്, കൊടുങ്ങല്ലൂർ),**
**ആ നാലുവർഷങ്ങൾ 2.0 (മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം),**
**പ്രിയ പരിചിത നേരങ്ങൾ (എസ്. എൻ. കോളേജ്, കൊല്ലം),**
**കാമ്പസ് കിസ്സ (സർ സയ്യദ് കോളേജ് തളിപ്പറമ്പ്),**
**അരമതിൽ ചിന്തുകൾ (ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ),**
**ബോധിവൃക്ഷത്തണലിൽ (സമോറിൻസ് ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്)**

എന്നീ പത്തു പുസ്തകങ്ങളുടെ എഡിറ്റർമാർ തങ്ങളുടെ പുസ്തകങ്ങളുടെ സൃഷ്ടിക്കു പിന്നിലുള്ള പ്രയത്നങ്ങളും അനുഭവങ്ങളും അവതരിപ്പിച്ചു. തുടർന്ന്, പുസ്തകപ്രസാധന സർട്ടിഫിക്കറ്റുകൾ മുഖ്യാതിഥിയായ സജീവൻ എടത്താടനിൽ നിന്നും വിവിധ കോളേജ് പ്രതിനിധികൾ ഏറ്റുവാങ്ങി.






അക്കാഫ് അസോസിയേഷൻ പ്രസിഡന്റ് പോൾ ടി. ജോസഫ്, സെക്രട്ടറി ദീപു എ. എസ്., ട്രഷറർ നൗഷാദ് മുഹമ്മദ്, ഡയറക്ടർ ബോർഡ് അംഗം ഷൈൻ ചന്ദ്രസേനൻ, മുതിർന്ന അംഗങ്ങളായ രാജേഷ് പിള്ള, ഗിരീഷ് മേനോൻ, ലിറ്ററി ക്ലബ്ബ് ജോയിന്റ് കൺവീനർമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അക്കാഫ് ലിറ്ററി ക്ലബ്ബിനു വേണ്ടി...
***സഞ്ജു പിള്ള*** *(പന്തളം എൻ.എസ്.എസ് കോളേജ്), ജോയിന്റ് കൺവീനർ*
***ലക്ഷ്മി ഷിബു*** *(ശ്രീ നാരായണ കോളേജ് ഫോർ വിമൺ, കൊല്ലം), ജോയിന്റ് കൺവീനർ*
***ഫെബിൻ ജോൺ*** *(എസ്. സി. എം. എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കറുകുറ്റി), ജോയിന്റ് കൺവീനർ*




എക്കാലവും ഓർത്തുവയ്ക്കാവുന്ന ഓർമ്മകൾ സമ്മാനിച്ചുകൊണ്ടാണ് തിരുവോണദിനത്തിൽ 2024 സെപ്റ്റംബർ 15 -ന് ദുബായ് വേൾഡ് ട്രേഡ് സെന്ററിനെ ഒരു കൊച്ചു കേരളമാക്കിക്കൊണ്ട് നിഷ്ക ജ്വല്ലറി അവതരിപ്പിച്ച അക്കാഫ് അസോസിയേഷന്റെ 'വെസ്റ്റ് സോൺ പൊന്നോണകാഴ്ച 2024' അരങ്ങേറിയത്.





രാവിലെ അക്കാഫ് അസോസിയേഷൻ പ്രസിഡന്റ് **പോൾ ടി ജോസഫ്** നിലവിളക്ക് കൊളുത്തി പൊന്നോണകാഴ്ചയ്ക്ക് തിരശീല ഉയർത്തി.

നൂറ്റമ്പതോളം കുട്ടികൾ ഒഴുകിയെത്തിയ പെയിന്റിംഗ് ആൻഡ് ഡ്രോയിങ് മത്സരത്തിൽ കുട്ടിക്കൂട്ടത്തിന്റെ വർണ്ണഭാവനകൾ നിറഞ്ഞു നിന്നു.





















രുചിവൈവിധ്യം കൊണ്ട് ശ്രദ്ധേയമായ പായസമത്സരത്തിൽ അനേകം മത്സരാർത്ഥികൾ അവരുടെ രഹസ്യ പാചകക്കൂട്ടുകളുമായെത്തി.











വീറും വാശിയും പ്രകടമായ പൂക്കളമത്സരത്തിൽ മനോഹരമായ പൂക്കളങ്ങൾ നിരന്നപ്പോൾ പൂക്കൾ കൊണ്ടുള്ള ചിത്രങ്ങൾക്കുള്ള ഒരു ക്യാൻവാസായി വേൾഡ് ട്രേഡ് സെന്റർ മാറി.





അതിനു ശേഷം, ഏകദേശം പതിനായിരം പേരാണ് മുപ്പതോളം വിഭവങ്ങളുമായി തുശനിലയിൽ വിളമ്പിയ ഓണസദ്യ കഴിച്ചത്.




2024 സെപ്റ്റംബർ 8 -ന് മലയാളി മങ്ക, പുരുഷകേസരി മത്സരങ്ങളുടെ പ്രാഥമിക റൗണ്ടും നാടൻ പാട്ട് മത്സരവും ദുബായ് മുഹൈസ്നയിലെ ഇന്ത്യൻ അക്കാദമി സ്കൂളിൽ വച്ച് നടത്തിക്കൊണ്ട് ഈ മഹാ ഉത്സവത്തിന് കൊടി കയറി. കേരളത്തനിമയും വർണ്ണപ്പകിട്ടും നാടൻ ശീലുകളും നിറഞ്ഞു നിന്ന നാടൻ പാട്ട് മത്സരം ആദ്യമായി പൊന്നോണകാഴ്ചയുടെ ഭാഗമായപ്പോൾ കാണികളുടെ ഏറ്റവും ഇഷ്ടപ്പെട്ട ഒരിനമായി മാറുകയായിരുന്നു.



വൈകുന്നേരത്തെ സാംസ്കാരിക സമ്മേളനത്തിൽ അക്കാഫ് അസോസിയേഷൻ പ്രസിഡന്റ് പോൾ ടി. ജോസഫ് അധ്യക്ഷത വഹിച്ചു. ദുബായിലെ ഇന്ത്യൻ കോൺസുൽ സതീഷ് കുമാർ ശിവൻ പൊന്നോണകാഴ്ച ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സി ഡി എ സീനിയർ എക്സിക്യൂട്ടീവ് അഹ്മദ് അൽ സാബി , അക്കാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി ദീപു എ എസ്, ട്രഷറർ നൗഷാദ് മുഹമ്മദ്, വൈസ് പ്രസിഡന്റ് വെങ്കിട് മോഹൻ , ഡയറക്ടർ ബോർഡ് മെമ്പർമാരായ ഖാലിദ് നവാബ് ദാദ് കോഡാ, ഷഹീൻ ദാഹി ഷാംബി ജഹീ അൽ ബലൂഷി, മുഹമ്മദ് റഫീഖ്, മച്ചിങ്ങൽ രാധാകൃഷ്ണൻ, ഷൈൻ ചന്ദ്രസേനൻ, സാനു മാത്യു എന്നിവർ സംബന്ധിച്ചു.




**പൊന്നോണകാഴ്ച 2024 -നോട് അനുബന്ധിച്ച് പുറത്തിറക്കിയ സ്മരണിക ശ്രീ വേണു രാജാമണി പ്രകാശനം ചെയ്തു.**

## തിരുവോണദിനത്തിൽ, രാവിലെ മുതൽ കേരളത്തിലെ പതിനാലു ജില്ലകളിലെയും 84 കോളേജുകളെ പ്രതിനിധാനം ചെയ്തു കൊണ്ട് പതിനായിരങ്ങളാണ് ട്രേഡ് സെന്ററിലേക്ക് ഒഴുകിയെത്തിയത്.

പുരുഷകേസരി, മലയാളിമങ്ക, സിനിമാറ്റിക് ഡാൻസ്, അത്തപ്പൂക്കളം, പായസമത്സരം, ഘോഷയാത്ര, പെയിന്റിങ്, പെൻസിൽ ഡ്രോയിങ്, നാടൻ കായിക മത്സരങ്ങൾ എന്നിവയിൽ ആവേശത്തോടെയാണ് വിവിധ കോളജുകളെ പ്രതിനിധീകരിച്ചുകൊണ്ട് മത്സരാർത്ഥികൾ പങ്കെടുത്തത്. അതിനു പുറമേ തിരുവാതിരയും നാടൻപാട്ട് മത്സരത്തിൽ വിജയികളായ ടീമുകളുടെ പ്രകടനവും വേദിയിൽ അരങ്ങേറിയപ്പോൾ അക്ഷരാർത്ഥത്തിൽ, ട്രേഡ് സെന്റർ ഒരു ഉത്സവപ്പറമ്പായി മാറുകയായിരുന്നു.












നെതർലാന്റ്സിലെ മുൻ ഇന്ത്യൻ അംബാസിഡറും, ദുബായിലെ മുൻ ഇന്ത്യൻ കോൺസുൽ ജനറലുമായ ഡോ: വേണു രാജാമണി മാതൃവന്ദനത്തിന്റെ സന്ദേശം നൽകി.

അക്കാഫ് അസോസിയേഷന്റെ 26-ാം വാർഷികത്തോടനുബന്ധിച്ച് 'മാതൃവന്ദന'ത്തിൽ പങ്കെടുക്കുവാൻ എത്തിയ 26 അമ്മമാരെയും ചടങ്ങിൽ വച്ച് ആദരിച്ചു. ഏറ്റവും അർഹതപ്പെട്ട അമ്മമാരുടെ ഒരു പക്ഷേ, ജീവിതത്തിൽ ഒരിക്കലും നടക്കില്ലെന്ന് കരുതിയ സ്വപ്നമാണ് അസോസിയേഷനിലെ വിവിധ കോളജ് അലുംനികളുടെ സഹകരണത്തിലൂടെ സാക്ഷാൽക്കരിച്ചത്.

















വൈകീട്ട് സച്ചിൻ വാര്യർ, ആര്യ ദയാൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സംഗീതനിശ പൊന്നോണകാഴ്ചയ്ക്ക് മാറ്റു കൂട്ടി.









മലയാളി മങ്ക, പുരുഷകേസരി മത്സരങ്ങൾക്കായി റാംപിൽ നിരന്ന അക്കാഫിലെ സുന്ദരീസുന്ദരന്മാരെ നിറഞ്ഞ കയ്യടികളോടെയാണ് കാണികൾ സ്വീകരിച്ചത്.







കേരളത്തിന്റെ തനതു നാടൻകളികൾ വേദിയുടെ മറ്റൊരു വശത്ത് അരങ്ങേറിയപ്പോൾ ആയിരങ്ങളാണ് അതിൽ പങ്കെടുക്കാനെത്തിയത്. ഓണക്കാലത്തെ നാടൻ കളികളായ ഉറിയടിയും, തലയിണയടിയും, പഞ്ചപിടിയും എല്ലാം മനോഹരമായി പുന:രവതരിപ്പിച്ചു. പതിനഞ്ചു മീറ്ററോളം നീളമുള്ള ഭീമൻ ഓണ ഊഞ്ഞാലിൽ ആടുവാനായി നീണ്ട നിര തന്നെ ഉണ്ടായിരുന്നു











**സർവ്വകലാശാല കലോത്സവത്തിലെ വീറും വാശിയും പ്രകടമായ ഇന്ത്യൻ സിനിമാറ്റിക് ഡാൻസ് മത്സരത്തിൽ മത്സരാർത്ഥികൾ സദസ്സിനെ ഇളക്കിമറിച്ചു.**

പിന്നീട് നടന്ന കോളേജുകളുടെ ഘോഷയാത്ര മത്സരത്തിൽ എൺപത്തിനാല് കോളജുകളാണ് മത്സരിച്ചത്. പോയകാലങ്ങളിലെ ക്യാമ്പസുകളുടെ പരിച്ഛേദമായ ഘോഷയാത്രയിൽ കൊമ്പും, കുഴൽവിളികളും, യഥാർത്ഥ ആനയുടെ വലിപ്പത്തിലുള്ള റോബോട്ടിക് ആനകളുമായാണ് പല കോളേജുകളും അണിനിരന്നത്. മണ്മറഞ്ഞു പോയ കേരളത്തിലെ മഹദ്വ്യക്തികളുടെയും സ്വാതന്ത്ര്യ സമര സേനാനികളുടെയും സ്മരണയ്ക്കായി അവരുടെ ഛായാചിത്രവും ഘോഷയാത്രയിൽ കടന്നുവന്നപ്പോൾ അതൊരു അനുസ്മരണമായി മാറി. കൂടെ മഹാബലിമാരും പ്രൗഢിയോടെ നടന്നു വന്നപ്പോൾ ശരിക്കും ട്രേഡ്സെന്റർ സബീൽ ഹാൾ ഒരു കൊച്ചു കേരളമായി മാറി. നാടൻ കലാരൂപങ്ങളും, മോഹിനിയാട്ടവും, നൃത്ത ശില്പങ്ങളും, താള മേളങ്ങളും, പഞ്ചവാദ്യവും, ചെണ്ടമേളവും, ഒപ്പനയും, മാർഗ്ഗം കളിയും, തെയ്യവും, തിറയും തുടങ്ങി കേരളത്തിനു മാത്രം സ്വന്തമായുള്ള നിരവധി തനതു കലാരൂപങ്ങൾ ഘോഷയാത്രയുടെ ഭാഗമായപ്പോൾ കണ്ടു നിന്നവർക്ക് ഒരു പൂരപറമ്പിലെത്തിയ അനുഭൂതിയായിരുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കോളേജുകൾ അണിനിരന്നപ്പോൾ, കേരളത്തിന്റെ സാംസ്കാരിക പരിച്ഛേദമായി മാറി ഘോഷയാത്ര മത്സരം.













# Winners

## Payasam Competition 2024



**Thanuja Shaji**
(KKTM Government College, Pullut)



**Nabeesathu**
(SN College, Kollam)



**Ammarah Sidhik**
(Government Engg. College, Idukki (GECI)












## Procession Competition

1st - KKTM Government College, Pullut
2nd - Christ College, Irinjalakuda
3rd - Thiagarajar Polytechnic College, Alagappanagar

## Painting Competition: CATEGORY 1 (KG1 & KG2) - CRAYONS





**Aisha Mehrin Saleem**
(Federal Institute of tScience and Technology - FISAT, Angamaly)





**Aihan Ali Zakir**
(Government Engg. College, Kozhikode)





**Mohammad Zayed**
(Government Engg. College, Kozhikode)

## Painting Competition: CATEGORY 2 (GRADE 1 -4) - COLOR PENCILS





**Shenzia P**
(MES Kalladi College, Mannarkkad (Kalladianz))





**Nivedya Vipin**
(SN College Varkala)





**Jaithan Eapen Shiju**
(Mar Athanasius College of Engg. Kothamangalam (MACE))

## Painting Competition: CATEGORY 3 (GRADE 5 -7) PENCIL DRAWING





**Amartya Ajith**
(Department of Ship Technology - CUSAT (MAST))





**Tanish** (Zamorin's Guruvayoorappan College, Kozhikode)





**Durga Krishna**
(Government Victoria College, Palakkad)

## Painting Competition: CATEGORY 4 (GRADE 8- 10) WATER COLOR





**Hidha Fatima**
(Sir Syed College, Thaliparamba (SSCOTA))





**Insha Fathima**
(Government Engg. College, Kozhikode)





**Akshaj Subhash Adiyodi**
(Nehru Arts & Science College, Kanhangad (NASCA))

**Malayali Manka Competition**
1st - Athmika (Chinmaya Mission College, Thrissur)
2nd - Arya Powathu Anil (Catholicate College, Pathanamthitta)
3rd - Didiya Padmanabhan (Chinmaya Mission College, Thrissur)

**Purushakesari Competition**
1st - Tharanath K (Vimal Jyothi Engineering College, Kannur)
2nd - Aness Perumparabath Muhammad (Christ College, Irinjalakuda)
3rd - Libin Prameswar (Government Engineering College, Idukki)







**Cinematic Dance Competition**
1st - Sree Kerala Varma College, Thrissur
2nd - NSS College of Engineering, Palakkad
3rd - SCMS School of Engineering & Technology, Karukutty (ASSET)











**Nadan Pattu**
1st - Chinmaya Mission College, Thrissur
2nd - Devaswom Board Collage, Sasthamcotta
3rd - Christ College, Thrissur









**Pookkalam Competition**
1st - Christ College, Irinjalakuda
2nd - University College, Trivandrum
3rd - Sree Kerala Varma College, Thrissur







ഈ മനോഹരമായ പരിപാടി പ്രാവർത്തികമാക്കാൻ എല്ലാ പിന്തുണയും തന്ന് കൂടെ നിന്ന **പ്രായോജകർക്കും, മാധ്യമസുഹൃത്തുക്കൾക്കും,** വേദിയൊരുക്കിയ **വേൾഡ് ട്രേഡ് സെന്ററിനും,** ഇത് യഥാർത്ഥ്യമാക്കാൻ രണ്ടര മാസക്കാലം അഹോരാത്രം പ്രയത്നിച്ച അക്കാഫ് അസ്സോസിയേഷനിലെ വിവിധ കലാലയങ്ങളിലെ അഞ്ഞൂറോളം വരുന്ന **'ഓണപ്പോരാളികൾ'ക്കും** ഇടം- വലം നിന്ന് ആദ്യന്തം അവർക്ക് നേതൃത്വം നൽകിയ പ്രിയപ്പെട്ട ജോയിന്റ് ജനറൽ കൺവീനർമാരായ **ഡോ: ജയശ്രീ, എ വി ചന്ദ്രൻ, അഡ്വ. സഞ്ജു കൃഷ്ണൻ, മൻസൂർ സി പി, ഫെബിൻ ജോൺ** എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി!!!



# AKCAF CHRISTMAS & NEW YEAR PARTY




**Sreekutty Sukumaran**
**General Convenor**
**AKCAF Christmas & New Year Party**
(Rajagiri Center for Business Studies, Kochi)


**Date: 5th January 2025 | Time: 4:00 PM onwards | Venue: Sports Bay, Abuhail, Dubai**

The AKCAF Association's Christmas and New Year celebrations, fondly titled as "AKCAF Christmas & New Year Party" were held on Sunday, 5th January 2025, at Sports Bay, Abuhail, Dubai from 4:00 PM until late evening. The venue came alive with lights, laughter, and festive cheer, as alumni from various colleges gathered under one roof to embrace the season of joy, unity, and togetherness.

The evening unfolded with a series of exciting competitions that showcased creativity, talent, and festive spirit in abundance. The Carol Singing Competition was one of the most enchanting highlights, filling the air with soulful melodies and the joy of Christmas. Teams from various colleges blended harmony with creativity, capturing the true essence of the season, while participants and supporters in festive costumes added color and charm to the celebration.

The Christmas Tree Decoration Competition added a touch of charm and creativity to the celebrations, transforming the venue into a festive wonderland. Teams showcased their artistic flair, blending tradition with innovation in their beautifully adorned trees. The Christmas Cake Competition was a delightful highlight of the evening, filling the celebration with sweetness and festive flavors. Participants impressed the judges with their creativity, taste, and presentation, making it a truly delightful contest.

















Beyond competitions, the celebration was truly about unity, bonding, and the festive spirit. Alumni from different corners came together, rekindling old friendships and strengthening the vibrant AKCAF network. The warmth of Christmas and the hope of the New Year radiated through every smile, song, and shared moment.

The success of this celebration was made possible by the immense support from AKCAF PST and Board of Directors Members. I had the honor of serving as the General Convenor of this sparkling event, and I gratefully acknowledge the tireless efforts of our **Joint General Convenors — Benny Thelappilly** (Christ College, Irinjalakuda)**, Raji S. Nair** (TKM Arts and Science College, Kollam)**, and Jacob Varghese** (D.B. College, Sasthamkotta) — whose wholehearted support made this celebration remarkable.

The overwhelming participation, cultural vibrancy, and festive togetherness made this event a truly memorable one. It truly reflected the values of togetherness, joy, and cultural bonding that AKCAF stands for. The Christmas & New Year Party will remain a glowing chapter in our journey, inspiring us to carry this spirit forward into the year ahead.

# Winners Competitions

## CHRISTMAS CAKE



**1st Prize – Sajitha Sathyaraj**
(Chinmaya Mission College, Thrissur)



**2nd Prize – Gopika**
(D.B College, Sasthamcottah - Debcas)

## CAROL SINGING




**1st Prize – Federal Institute of Science and Technology, Angamaly (FISAT)**




**2nd Prize-**
**St. Gregorios College, Kottarakkara (SGC)**




**3rd Prize –**
**Fatima Mata National College, Kollam (FMNC)**

## CHRISTMAS TREE



**1st Prize – Mar Athanasius College of Engineering, Kothamangalam (MACE)**



**2nd Prize- D.B College, Sasthamcottah (Debcas)**



**3rd Prize – MES College, Ponnani (MESPA)**




رمضان في دبي
RAMADAN IN DUBAI

# GIFT IT FORWARD

*AKCAF Association joined Gift It Forward, a philanthropic initiative by Dubai Holdings in association with CDA, held from 6th to 10th March 2025 at Al Twar Wedding Center as part of the "Ramadan in Dubai" campaign.*



AKCAF Association Volunteers with
**Dubai Holdings CIO, Huda Buhumaid.**



**With Reem Obaid AlAwabed, Director CDA Social Programs & Ahmed Al Zaabi, Senior Executive - CDA**



**With Ahmed Lootah, Director - CDA Social Cohesion**











The initiative distributed **315,000 items,** including personal care products, clothing, accessories, homeware and toys to **16,000 beneficiaries.**
AKCAF volunteers played a vital role, contributing **356 volunteering hours** across two shifts daily, with **59 volunteers** ensuring smooth operations and engaging personally with the beneficiaries.





Volunteers also completed training workshops hosted in partnership with Innov8 Tech Education Services to further promote circularity and the UN Sustainable Development Goal 12.

The dedication of AKCAF volunteers was recognized by Dubai Holdings CIO, Huda Buhumaid, who personally appreciated the association's efforts and thanked the volunteers for their exemplary service.

Gift It Forward exemplifi ed the spirit of Ramadan – compassion, giving, and community. For AKCAF, it was a reminder that volunteering is a powerful way to make a positive impact and support meaningful initiatives. In alignment with the Year of Community, this initiative refl ects our ongoing e orts to strengthen the social fabric of Dubai by supporting our benefi ciaries and encouraging collective responsibility.

As we celebrate Onam, this initiative reinforces AKCAF's commitment to service and togetherness, carrying the same spirit into our Onam celebrations.







1972ൽ ആലപ്പുഴ ജില്ലയിൽ ജനനം. പുതിയകാല എഴുത്തുകാരിൽ ശ്രദ്ധേയൻ. അച്ഛൻ: ക്ലീറ്റസ് നൊറോണ, അമ്മ: ബാർബരാ നൊറോണ. ആലപ്പുഴ സനാതന ധർമ്മ വിദ്യാലയം, NSS കോളേജ് എന്നിവിടങ്ങളിൽ പഠനം. തൊട്ടപ്പൻ എന്ന കഥാസമാഹാരത്തിന് പ്രഥമ ചെമ്പിൽ ജോൺ പുരസ്കാരം, സാഹിദ് സ്മാരക സാഹിത്യതീരം പുരസ്കാരം, TV കൊച്ചുബാവ പുരസ്കാരം എന്നിവ ലഭിച്ചു. 2019ൽ തൊട്ടപ്പൻ ചലച്ചിത്രമായി. 2023 മാർച്ചിൽ സർക്കാർ സർവ്വീസിൽ നിന്ന് സ്വയം വിരമിച്ചു. ഭാര്യ: മേരി ദൗരേവ്. മകൾ: വർഷ മരിയ നൊറോണ.

ഫ്രാൻസിസ് നൊറോണ

# ഓണപ്പുലരിയിൽ

അടയ്ക്കാമരത്തിന്റെ മുറിക്കഷണങ്ങൾ പാകിയുറപ്പിച്ച നായർതറവാട്ടിലെ കുളപ്പടവുകളിൽ നിന്നാണ് ചാത്തനാട്ടെ ഓണമോർമ്മകൾ തുടങ്ങുക. കമുകിൻപടിയുള്ള പിള്ളേച്ചന്റെ കുളത്തിലെന്നും വരാലും വാർപ്പുമുണ്ടാകും.. പടവിലേക്കിറങ്ങുന്ന നടവഴിക്കിരുവശവും ചോരക്കണ്ണൻ ചെമ്പോത്ത് ചേക്കേറുന്ന കാട്ടുമുന്തിരിപ്പടർപ്പുണ്ട്. വെള്ളത്തിലേക്ക് ചോടുവെക്കുമ്പോഴൊക്കെ ഒരു പേടിച്ചുഴിയെന്റെ ഉള്ളംകാലിനെ തൊട്ടിരുന്നു. കരമാടിപ്പൊക്കിയ കുളത്തിലേക്കിറങ്ങിയാൽ തലയ്ക്കുമീതെയുള്ള ആകാശം ചെറുവട്ടമായി ചുരുങ്ങും. പരൽമീനുകൾ പായുന്നതും നോക്കി നിൽക്കേ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വെള്ളത്തിനുമീതെ ഉയരുന്ന ജലപിശാചിന്റെ നീളൻകൈകൾ എന്റെ കുട്ടിക്കാല സ്വപ്നങ്ങളിലെ പതിവുകാരനായിരുന്നു.

ഓണനാളിൽ പിള്ളേച്ചന്റെ കുളത്തിൽനിന്നാണ് പൂക്കളമിടാനുള്ള മണ്ണ് കോരുന്നത്. സന്ധ്യയാകുമ്പോഴേ കുട്ടികളെല്ലാവരും നായർതറവാടിന്റെ മുറ്റത്ത് ഒരുമിച്ചു കൂടും. അരയേക്കറോളം പരന്നുകിടക്കുന്ന പറമ്പിനു വേലിയതിരൊന്നുമില്ല.. പൂവാംകുറുന്നിലും തുമ്പയും മുക്കുറ്റിയുമൊക്കെ നിറഞ്ഞിരുന്ന അതിരിലൂടെ നാട്ടുകാര് നടന്ന് ഒരു വഴിച്ചാല് തെളിഞ്ഞിരുന്നു. പറമ്പിന്റെ നടുക്കാണ് നാലുകെട്ടുള്ള തറവാടുവീട്.. തടിച്ചുമരിലെ കൊത്തുപണികളിൽ മഞ്ചാടിമണികൾകൊണ്ടുള്ള ചിത്രപ്പണികളുണ്ട്... പത്തായവും നിലവറയുമുള്ള വീടിന്റെ മുറ്റം വരെയേ ഞങ്ങൾ പറുങ്കികൾക്ക് പ്രവേശനമുള്ളൂ.. കൂവളവും പേരാലും ഏഴിലംപാലയും ചെമ്പകവുമൊക്കെയായി ധാരാളം മരങ്ങൾ തണലേകുന്ന പറമ്പിലൂടെ കീരിയും അണ്ണാനും ചേമ്പോത്തും ചേരയും ആരെയും പേടിക്കാതെ അലസം സഞ്ചരിച്ചിരുന്നു. കാരണവരുടെ നാലുകെട്ട് കൂടാതെ കൊച്ചമ്മാവനും ജാനുചിറ്റയുമൊക്കെ താമസിച്ചിരുന്ന ഓല മേഞ്ഞ ചെറിയ വീടുകളും അവിടെയുണ്ടായിരുന്നു. പിള്ളേച്ചന്റെ പറമ്പെന്നാണ് അക്കാലത്ത് ആ സ്ഥലം അറിയപ്പെട്ടിരുന്നത്.

പിള്ളേച്ചൻപറമ്പിന്റെ വടക്കുവശം കൈത്തോടാണ്. അത് ചെന്നുചേരുന്നത് വഴിച്ചേരിയിലെ കോമേഴ്സ്യൽ കനാലിലും. കൈത്തോടിന് അരികെയാണ് കുളം. മാടി വെട്ടിപ്പൊക്കിയിട്ടുണ്ടെങ്കിലും പെരുമഴക്കാലത്ത് കുളവും തോടും ഒന്നാകും. പറമ്പിന്റെ കിഴക്കുവശത്താണ് കൂറ്റൻ വട്ടയിലമരങ്ങളുള്ള സർപ്പക്കാവ്.. പഴുത്ത് വീഴുന്ന ഇലകളിലൊക്കെ പാമ്പിഴഞ്ഞതുപോലെയുള്ള കറുത്തവരകളുണ്ടാവും. തെക്കുവശത്താണ് എന്റെയും തൊട്ടപ്പന്റേയും വീട്. കുളക്കരയോടു ചേർന്നായിരുന്നു സൈക്കിൾയജ്ഞക്കാരനായ അക്ബറിക്കായുടെ ഓടിട്ടപുര. തോർത്തുമായി പരൽ മീനെ പിടിക്കാനിറങ്ങിയ ഇക്കയുടെ ഇളയമോള് മുംതാസ് ചത്തുമലച്ച മീനിനെപ്പോലെ കുളത്തിൽ പൊന്തിക്കിടന്നത് ഒരു ഓണക്കാലത്താണ്. അക്ബറിക്കായും ഭാര്യയുംകൂടി വയറുവീർത്ത കൊച്ചിനെ തലയ്ക്കു മീതെ ഉയർത്തിപിടിച്ച് ആശുപത്രിയിലേക്ക് ഓടിയതിന്റെ നിലവിളി ഇപ്പഴും കാതിലുണ്ട്..

പിള്ളാരെ മുക്കിക്കൊല്ലുന്ന മറുത കുളത്തിലുണ്ടെന്ന് പറഞ്ഞുതന്നത് തൊട്ടപ്പനാണ്. തനിച്ചിറങ്ങുന്ന കുട്ടി കളെ ആരും കാണാതെയത് ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുമത്രെ! പേടിച്ചിട്ടാണെങ്കിലും പൂക്കളമൊരുക്കാനുള്ള വെളുത്തമണ്ണ് കുളത്തിൽനിന്ന് കോരിയെടുക്കുമായിരുന്നു. തൊട്ടമ്മയുടെ മകൾ ഷീലയ്ക്കൊപ്പമാണ് കമുകിന്റെ പടവുകളിറങ്ങുക.. കുളപ്പടവിലെ കാട്ടുമുന്തിരിച്ചെടികളിൽനിന്ന് കപ്പ വെന്തുറ്റുന്നതുപോലൊരു മണം അപ്പോഴേക്കും മൂക്കിലെത്തും. സർപ്പം വാ പൊളിക്കുന്ന നാറ്റമാണെന്ന് ഷീലച്ചിറ്റയെന്നോടു പറയും. വിറയോടെയാണ് പഞ്ചാരമണ്ണ് കോരി പാത്രത്തിൽ നിറയ്ക്കുക. പൂക്കളത്തിനുള്ള മൺതിട്ട ജാനമ്മയുടെ മുറ്റത്താണ് ഒരുക്കുക. അത്ത ദിനത്തിൽ മണ്ണിന്റെ ഒരു തട്ട്. ചിത്തിരയ്ക്ക് രണ്ട്, ചോതിക്ക് മൂന്ന്.. അങ്ങനെ ഓണമെത്തുമ്പോഴേക്കും പത്തു തട്ടും പത്തുതരം പൂക്കളുമുണ്ടാവും.

തൊട്ടമ്മയുടെ വീട് ചങ്ങനാശ്ശേരിയിലാണ്. അവരുടെ അമ്മമ്മ നായർ സ്ത്രീയായിരുന്നു.. തൊട്ടമ്മയുടെ വീട്ടിലുള്ളവർക്കെല്ലാം ഹൈന്ദവനാമങ്ങളാണുള്ളത്. തൊട്ടമ്മയുടെ പേര് പൊന്നമ്മ. അനുജത്തി രാജമ്മ, ഇള യവൾ തങ്കച്ചി. ഞങ്ങൾ പറുങ്കികൾക്ക് അങ്ങനെയുള്ള പേരുകൾ ഇല്ലെന്ന് തന്നെ പറയാം. തൊട്ടമ്മയ്ക്കും മക്കൾക്കും നമ്പൂതിരിമാരുടെ വെളുപ്പും ശ്രീയും ഉണ്ടെന്ന് നായർതറവാട്ടിലെ കാരണവരെപ്പോഴും പറയും. ഓണത്തിനു പൂക്കളമൊരുക്കാൻ ഷീലചിറ്റയെ വിളിക്കുന്നതിന്റെ പിന്നിലും ഈയൊരു ആഢ്യത്വമനോഭാവം ഉണ്ടായിരുന്നെന്ന് മുതിർന്നപ്പോഴാണ് എനിക്ക് മനസ്സിലായത്. ഓട്ടുവിളക്കിന്റെ വെട്ടത്തിലാണ് പൂക്കളം തീർക്കുക. പട്ടു പാവാടയുമുടുത്ത് പൂക്കളമൊരുക്കുന്ന ചിറ്റയെ കാണുമ്പോഴൊക്കെ അവിടെയുള്ളവരുടെ മുഖത്തൊരു നിലാവു തെളിഞ്ഞിരുന്നു.. ഇരുനിറക്കാരനായിരുന്ന എന്നെക്കൊണ്ട് കുളത്തിലെ മണ്ണ് കോരിക്കുന്നതല്ലാതെ അത്തപ്പൂക്കളത്തിൽ ഒരു പൂവ് വെയ്ക്കാൻപോലും അനുവദിച്ചിരുന്നില്ല..

